**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 10**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ഭാരതപ്പുഴയിൽ രണ്ട് പേർ മുങ്ങിമരിച്ചു

തൃശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ പൈക്കുളം വില്ലേജിൽ തൊഴുപ്പാടം ദേശത്ത് ഭാരതപ്പുഴയിൽ മീൻ പിടിക്കാനിറങ്ങിയ രണ്ടു പേർ മുങ്ങിമരിച്ചു. മോഹൻദാസ് (47), രാജേഷ് (26) എന്നിവരാണ് മരിച്ചത്. ഞായറാഴ്ച പുഴയിൽ മീൻ പിടിക്കാനിറങ്ങിയ ഇവരെ വൈകീട്ട് 5.30നാണ് കാണാതായത്. മോഹൻദാസിന്റെ മൃതദേഹം ഞായറാഴ്ച വൈകീട്ട് 6.30നും രാജേഷിന്റെ മൃതദേഹം തിങ്കളാഴ്ച രാവിലെ 10 മണിക്കുമാണ് കണ്ടെടുത്തത്.

കൊടുങ്ങല്ലൂർ താലൂക്കിൽ എറിയാട് വില്ലേജിൽ മാർക്കറ്റിന് സമീപം ഞായറാഴ്ച കാലപ്പഴക്കം ചെന്ന കെട്ടിടം തകർന്നു. കട തകർന്നതിനെ തുടർന്ന് പുഞ്ചപ്പാടത്ത് സലാമിന് പരിക്ക് പറ്റിയിരുന്നു.

അവിനിശ്ശേരി വില്ലേജിൽ ശക്തമായ കാറ്റിലും മഴയിലും വീട് തകർന്നു. അവിണിശ്ശേരി ഉദയനഗർ കാഞ്ഞിരത്തിങ്കൽ ഷാജിയുടെ വീടാണ് കാലവർഷക്കെടുതിയെ തുടർന്ന് തകർന്നത്. അപകട സമയത്ത് വീട്ടിലും സമീപത്തും ആളില്ലാതിരുന്നതിനാൽ ആളപായമുണ്ടായില്ല. ഏകദേശം ഒരു ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു.

## തൃശൂർ ജില്ലയിൽ 11 മുതൽ 14 വരെ മഞ്ഞ അലേർട്ട്

തൃശൂർ ജില്ലയിൽ ജൂൺ 11, 12, 13, 14 തീയതികളിൽ കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം മഞ്ഞ അലേർട്ട് പ്രഖ്യാപിച്ചു. ജില്ലയിലെ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് ഈ ദിവസങ്ങളിൽ പ്രവചിക്കപ്പെട്ടിരിക്കുന്നത്. ജൂൺ 12 ന് മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 'ഓറഞ്ച്' അലേർട്ട് പ്രഖ്യാപിച്ചു. ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോടും ഉദ്യോഗസ്ഥരോടും തയ്യാറെടുപ്പുകൾ നടത്താനും താലൂക്ക് തലത്തിൽ കൺട്രോൾ റൂമുകൾ ആരംഭിക്കുവാനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശം നൽകി.

## മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രത നിർദേശം

കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ് പ്രകാരം അതിശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ, മത്സ്യത്തൊഴിലാളികൾ ജൂൺ 11ന് തെക്ക് കിഴക്ക് അറബിക്കടലിലും ലക്ഷദ്വീപ്, കേരള-കർണാടക തീരങ്ങളിലും, 11, 12 തീയതികളിൽ മധ്യ കിഴക്കൻ അറബിക്കടലിലും മഹാരാഷ്ട്ര തീരത്തും 12, 13 തീയതികളിൽ വടക്ക് കിഴക്കൻ അറബിക്കടലിലും ഗുജറാത്ത് തീരങ്ങളിലും മത്സ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചു. ആഴക്കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്നവർ എത്രയും പെട്ടെന്ന് ഏറ്റവും അടുത്തുള്ള തീരത്ത് തിരിച്ചെത്തണമെന്ന് കർശന നിർദേശം പുറപ്പെടുവിച്ചു.

## 12 ന് ജലവിതരണം തടസ്സപ്പെടും

പീച്ചിയിൽ നിന്നുള്ള ജലവിതരണ കുഴലുകളുടെ മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾ നടക്കുന്നതിനാൽ നാളെ (ജൂൺ 12) തൃശൂർ നഗരപ്രദേശത്തും അനുബന്ധ പഞ്ചായത്തുകളിലും ജലവിതരണം തടസ്സപ്പെടുമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

## യോഗ ഇൻസ്ട്രക്ടർ

ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ മറ്റ് വിവിധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ യോഗ പരിശീലനം നൽകുന്നതിന് ഇൻസ്ട്രക്ടറെ നിയമിക്കുന്നു. യോഗയിലുള്ള സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, എംഫിൽ എന്നിവയിൽ ഏതെങ്കിലും യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ ബയോഡാറ്റയും സർട്ടിഫിക്കറ്റിന്റെ പകർപ്പുകളും സഹിതം ജൂൺ 13 ഉച്ച 12 മണിയ്ക്ക് മുമ്പായി ഭാരതീയ ചികിത്സാ വകുപ്പിന്റെ ജില്ലാ മെഡിക്കൽ ഓഫീസിൽ നൽകണം. ഫോൺ : 0487-2334313.

## ആന്റിനർക്കോട്ടിക് അവാർഡ് : അപേക്ഷ ക്ഷണിച്ചു

ലോകമയക്കുമരുന്ന് വിരുദ്ധദിനത്തോടനുബന്ധിച്ച് ആന്റിനർക്കോട്ടിക് ആക്ഷൻ സെന്റർ ഓഫ് ഇന്ത്യ ആന്റിനർക്കോട്ടിക് അവാർഡിന് അപേക്ഷ ക്ഷണിച്ചു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പൊതുജനാരോഗ്യം, ജീവകാരുണ്യം, വിദ്യാഭ്യാസം, സാമൂഹിക സേവനം, സ്ത്രീശാക്തീകരണം, പൊതുസേവനം, സാംസ്കാരികം എന്നീ രംഗങ്ങളിൽ കുറഞ്ഞത് അഞ്ചു വർഷ പ്രവർത്തന പരിചയമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എൻട്രി അയ്ക്കാം. അപേക്ഷ പ്രോഗ്രാം കോർഡിനേറ്റർ, എ എസ് ബിൽഡിങ്, കഞ്ചിയൂർകോണം, കാട്ടാക്കട പി ഒ, തിരുവനന്തപുരം എന്ന വിലാസത്തിൽ ജൂൺ 17 നകം നൽകണം. ഫോൺ : 9446103990, 9495681949.

## ഗസ്റ്റ് ഇൻസ്ട്രക്ടർ

മണലൂർ ഗവ. ഐ ടി ഐ യിൽ എംപ്ലോയബിലിറ്റി സ്കിൽ പഠിപ്പിക്കുന്നതിന് ഗസ്റ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്നു. എംബിഎ /രണ്ടു വർഷത്തെ പ്രവൃത്തിപരിചയത്തോടുകൂടിയ ബിബിഎ അല്ലെങ്കിൽ സോഷ്യോളജി, സോഷ്യൽ വെൽഫെയർ, ഇക്കണോമിക്സ് എന്നിവയിൽ ഏതെങ്കിലും ഒന്നിൽ ബിരുദവും രണ്ടു വർഷത്തെ പ്രവൃത്തിപരിചയം അല്ലെങ്കിൽ ഡിഗ്രി / ഡിപ്ലോമ യും ഡിജിഇടി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എംപ്ലോയബിലിറ്റി സ്കിൽ പരിശീലനവുമാണ് യോഗ്യത. താൽപര്യമുള്ളവർ ജൂൺ 14 രാവിലെ 11 ന് ഐടിഐ കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2620066.

## കുടുംബശ്രീയെ അറിയാൻ ഉത്തർപ്രദേശ് സംഘം തൃശൂരിൽ

കുടുംബശ്രീയുടെ പ്രവർത്തനങ്ങളെ പറ്റി അറിയുന്നതിനും പഠിക്കുന്നതിനുമായി ഉത്തർപ്രദേശിലെ സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യ സംഘം തൃശ്ശൂരിൽ എത്തി. ഉത്തർപ്രദേശ് എസ്.ആർ.എൽ.എം ഡയറക്ടർ നാഗേന്ദ്ര പ്രസാദ് സിങ്ങ്,സ്കിൽ ആൻഡ് ജോബ് ജില്ല പ്രോഗ്രാം മാനേജർ അഞ്ജു മൗര്യ, മിഷൻ എക്സിക്യൂട്ടീവ് വൃദിക ശ്രീവാസ്തവ, അഭിഷേക് വർമ്മ,അജയ് കുമാർ അവിനാശ് തുടങ്ങിയ സംഘമാണ് ചെറുകിട സംരംഭങ്ങളെ പറ്റി പഠിക്കാൻ എത്തിയത്. തൃശ്ശൂർ ജില്ലാ മിഷനു കീഴിൽ സജീവമായി പ്രവർത്തിക്കുന്ന കുടുംബശ്രീ ഗുണഭോക്താക്കളെ സന്ദർശിക്കും. കഫേശ്രീ, സ്വാന്തനം പരിചരണ കേന്ദ്രം, കുടുംബശ്രീ മാട്രിമോണിയൽ, ന്യൂട്രിമിക്സ് യൂണിറ്റ് മുതലായ സംരംഭങ്ങൾ സന്ദർശിക്കും. ഇതിനു പുറമെയായി നിവേദ്യം പൂജ കദളി യൂണിറ്റ്, ഡേ കെയർ സെന്റർ, രസ പിക്കിൾ യൂണിറ്റ്, അഗ്രോ ഹൈപ്പർ മാർക്കറ്റ്, കേരമൃതം യൂണിറ്റ് എന്നിവ സന്ദർശിക്കും. ആളൂർ ഗ്രാമ പഞ്ചായത്തിലെ സി.ഡി.എസുമായും പഞ്ചായത്ത് കമ്മറ്റിയുമായും ചർച്ചയ്ക്കും വേദിയൊരുക്കും. നാലു ദിവസത്തെ സന്ദർശനത്തിനു ശേഷം ബുധനാഴ്ച്ച (ജൂൺ 12) സംഘം മടങ്ങും.